# അനുരഞ്ജനമാണ് അഭികാമ്യം

ഫാ. ഡോ. കെ. എം. ജോർജ്

**യോ**ഹന്നാൻ ശ്ലീഹാ തന്റെ പ്രിയനായ ഗായോസിന് എഴുതുകയാണ് "എന്റെ മക്കൾ സത്യത്തിൽ നടക്കുന്നു എന്നു കേൾക്കുന്നതിനേക്കാൾ വലിയ സന്തോഷം എനിക്ക് ഇല്ല" (3 യോഹ. 4). നമ്മുടെ സഭയുടെ അഭിമാനവും പ്രകാശഗോപുരവുമായിരുന്ന വട്ടശ്ശേരിൽ മാർ ഗീവറുഗീസ് ദീവന്നാസ്യോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിന് നാം ഒരുങ്ങുമ്പോൾ സത്യത്തെക്കുറിച്ചുള്ള ഈ വചനം പ്രത്യേകം പ്രസക്തമായി എനിക്ക് തോന്നുന്നു. നമ്മുടെ സഭയുടെ സ്വാതന്ത്ര്യത്തിനും ഐക്യത്തിനും വേണ്ടി നിരന്തരമായ ആത്മീക-ഭൗതിക സമരങ്ങളിൽ ഏർപ്പെട്ടിരുന്ന ഈ പരിശുദ്ധ പിതാവിനെ മോശയോടാണ് നമ്മുടെ ചരിത്രകാരന്മാർ ഉപമിക്കുന്നത്. വട്ടശ്ശേരിൽ തിരുമേനിക്ക് വളരെ പ്രിയങ്കരനായ ഒരു ചരിത്രപുരുഷനുമായിരുന്നു മോശ. ഈജിപ്തിലെ അടിമയിൽ നിന്ന് യിസ്രായേൽ ജനത്തെ വിമോചിപ്പിച്ച മോശ, യിസ്രായേലിന് തനിമയും സ്വാതന്ത്ര്യവും നൽകിയ മോശ, നൂറ്റാണ്ടുകളായി മർദ്ദിതരുടെയും ചൂഷിതരുടെയും പ്രിയ നായകനാണ്. മനുഷ്യ വിമോചനത്തിനായി പൊരുതുന്ന എല്ലാവർക്കും മോശ ആദർശ പുരുഷനാണ്. ഏതാണ്ട് 3500 വർഷങ്ങൾക്ക് മുമ്പ് നൈൽ നദിയുടെ സസ്യശ്യാമളമായ തീരങ്ങളിൽ നിന്ന് അടിമത്വത്തിലാണ്ട ഒരു ജനതയെ അദ്ദേഹം വിടുവിച്ചുകൊണ്ടുവന്നു. അറേബ്യയിൽ ഊഷരമായ മരുഭൂമികളിൽ യിസ്രായേൽ അലഞ്ഞു നടന്നപ്പോൾ മോശ അവർക്കു നായകനായിരുന്നു. അവസാനം വാഗ്ദത്ത ഭൂമിയുടെ വിദൂരമായ ദർശനം നൽകി മോശ അവരോട് യാത്ര പറഞ്ഞു.

ഈ 20-ാം നൂറ്റാണ്ടിലും എല്ലാ വിമോചനപ്രസ്ഥാനങ്ങൾക്കും ആവേശം പകരുന്ന ഒരു സംഭവമാണ് മോശയും യിസ്രായേൽ ജനതയുടെ പുറപ്പാടും. അമേരിക്കയിലെ കറുത്ത വർഗ്ഗക്കാർക്കും സൗത്ത് ആഫ്രിക്കയിൽ വർണ്ണ വിവേചനം അനുഭവിച്ചുകൊണ്ടിരിക്കുന്ന ജാതികൾക്കും ലത്തീൻ അമേരിക്കയിൽ വിമോചന ദൈവശാസ്ത്രം ഉന്നയിച്ച നേതാക്കന്മാർക്കും എല്ലാം തന്നെ മോശ പ്രചോദനകേന്ദ്രമായിരുന്നു. Let my people go എന്ന് മുഴങ്ങുന്ന ആധുനിക വിമോചനഗീതം നൂറ്റാണ്ടുകൾ താണ്ടിയെത്തിയത് മോശയിൽ നിന്നാണ്. വട്ടശ്ശേരിൽ തിരുമേനിയുടെ സ്വാഅവബോധം (Self understanding) എന്തായിരുന്നുവെന്ന് ചോദിച്ചാൽ അത് മോശയുടെ പ്രതിരൂപത്തോട് താദാത്മ്യം പ്രാപിക്കുന്നതിനുള്ള ആഗ്രഹമായിരുന്നു. വട്ടശ്ശേരിൽ തിരുമേനിയുടെ കൃതികൾ വായിക്കുമ്പോൾ നമുക്ക് വ്യക്തമാകുന്ന ഒരു സംഗതിയാണത്. അടിമത്വത്തിലാണ്ട ജനതയെ വിടുവിക്കാനുള്ള വലിയ നിയോഗം ദൈവത്തിൽ നിന്നു പ്രാപിച്ച ആ മനുഷ്യന്റെ അദമ്യമായ ആഗ്രഹം അതായിരുന്നു: സ്വാതന്ത്ര്യം, സത്യം, നീതി.

അദ്ദേഹം മാർ ഏലിയാ കത്തീഡ്രലിൽ ചെയ്ത ഒരു പ്രസംഗത്തിന്റെ ഒരു ഭാഗം ഞാൻ ഉദ്ധരിക്കുകയാണ്. മോശയുടെ വടിയും കർത്താവിന്റെ കുരിശും തമ്മിലുള്ള ബന്ധത്തെക്കുറിച്ചാണ് അദ്ദേഹം സംസാരിക്കുന്നത്. "മോശയുടെ വടി സ്ലീബായുടെ മുൻകുറി ആയിരുന്നു. യിസ്രായേൽ ജനം ഫറവോന്റെ അടിമയിൽ കിടന്ന് വളരെ കഷ്ടപ്പെടുമ്പോൾ അവരെ രക്ഷിക്കാനായി ദൈവം മോശയെ അയച്ചപ്പോൾ ഫറവോനോട് എതിർക്കാനായി സൈന്യത്തെക്കൂടി മോശയോടുകൂടി അയച്ചില്ല. പകരം ഒരു വടിയാണ് മോശയ്ക്ക് കൊടുത്തത്. അത് സാധാരണ വടി മാത്രമായിരുന്നു. ആട്ടിടയന്മാർ ഉപയോഗിക്കുന്ന വടി. മോശ ഒരു ആട്ടിടയനായിരുന്നുവല്ലോ. ആ ജോലിക്കായി അവന്റെ കൈവശമിരുന്ന വടി തന്നെയായിരുന്നു അത്. ദൈവം അതിനെ അനുഗ്രഹിച്ച് മോശയ്ക്കു കൊടുത്തു. യിസ്രായേൽ ജനത്തെ രക്ഷിക്കുന്നതിനായി അയച്ച മോശയ്ക്ക് അതിനുള്ള ആയുധമായി ദൈവം കൊടുത്തത് ഒരു വടി മാത്രമായിരുന്നു." ഒറ്റ കേൾവിയിൽ വളരെ ലളിതമായിട്ടു തോന്നുന്ന ഈ വാചകത്തെക്കുറിച്ച് വളരെ ആഴമായ ഒരു വ്യാഖ്യാനം നൽകുന്നതിന് നമുക്ക് സാധിക്കും. അതിലേക്കു കടക്കാതെ ആ വാചകം മാത്രം ശ്രദ്ധ യിൽപെടുത്തുകയാണ്. യിസ്രായേലിന്റെ വിമോചനത്തെക്കുറിച്ച് ചിന്തിക്കുമ്പോളെല്ലാം അഭിവന്ദ്യനായ തിരുമേനിയുടെ മനസ്സിൽ ഓളം വെട്ടിയിരുന്നത് മലങ്കരസഭയുടെ പുറപ്പാടും സ്വാതന്ത്ര്യവും വാഗ്ദത്ത ഭൂമിയി ലേക്കുള്ള അതിന്റെ പ്രവേശനവുമാണ്. അതുകൊണ്ട് ഒന്നിനെയും ഭയപ്പെടാതെ മോശയുടെ വഴിയിൽ അതായത് യേശുക്രിസ്തുവിന്റെ കുരിശിൽ ആശ്രയിക്കുന്ന ഒരു മലങ്കരസഭയെയാണ് അദ്ദേഹം ദർശിച്ചത്.

ഒരു ഉദ്ധരണി കൂടി ഞാൻ എടുക്കുകയാണ്. "കുരിശ് എന്നു പറയുന്നത് വിനയത്തിന്റെയും ക്ഷമയുടെയും ലക്ഷ്യമാകുന്നു. എന്നാൽ മറ്റുള്ളവർ പറയുന്നത് എന്തും അനുസ്സരിക്കുക എന്നുള്ളത് വിനയവും ക്ഷമയുമല്ല. നമ്മുടെ കർത്താവിനോട് പരീശന്മാരും ശാസ്ത്രികളും നീ ദൈവപുത്രനല്ല, നീ മനുഷ്യരെ വഞ്ചിക്കുകയാണ് ചെയ്യുന്നതെന്നു പറഞ്ഞപ്പോൾ അതെ, ഞാൻ ദൈവപുത്രനല്ല മനുഷ്യരെ വഞ്ചിക്കുകയാണ് ചെയ്യുന്നതെന്ന് അനുസരണത്തോടെ താൻ പറഞ്ഞില്ല. അങ്ങനെ താൻ പറഞ്ഞിരുന്നു എങ്കിൽ അത് സാക്ഷാൽ വിനയം ആകുകയും ഇല്ലായിരുന്നു. കഷ്ടത സഹിക്കാനായി താൻ അങ്ങനെ പറയാമെന്ന് വച്ചുമില്ല. സത്യത്തിനും നീതിക്കും വേണ്ടി കഷ്ടത സഹിക്കുവാൻ തയാറാകുന്നതാണ് കുരിശ്. സത്യത്തിനും നീതിക്കും വേണ്ടി എന്തു കഷ്ടത വന്നാലും ഞാൻ സഹിച്ചുകൊള്ളാമെന്ന മനഃസ്ഥിതിയിലാണ് വിനയവും ക്ഷമയും അടങ്ങിയിരിക്കുന്നത്." തിരുമേനിയുടെ കാതലായ സ്വഭാവത്തിന്റെ ചില വശങ്ങളും ചില ധ്വനികളും നമുക്ക് ഇവിടെ ലഭിക്കുന്നു.

കാപട്യമില്ലാത്ത നിർഭയമായ ആന്തരിക വിനയം കാണിക്കുന്ന ഒരു വ്യക്തിയായിരുന്നു അദ്ദേഹമെന്ന് അദ്ദേ ഹത്തിന്റെ സമകാലീനർ സാക്ഷിക്കുന്നു. പിൻതലമുറയിലെ കൃതികൾ വായിക്കുമ്പോൾ നമുക്ക് മനസ്സിലാകുന്നത് അതാണ്. ആരുടെയെങ്കിലും പാദസേവ ചെയ്ത് സ്വന്തം കാര്യം നേടുന്നതിനു വേണ്ടി മുഖസ്തുതി പറയുന്നതിനും, സ്വന്തം സ്ഥാനം നഷ്ടപ്പെടുമെന്നുള്ള ഭയം നിമിത്തം അതിവിനയം കാണിക്കുന്നതിനും ഒരിക്കലും ആ തിരുമേനി സന്നദ്ധനായിരുന്നില്ല. അതുകൊണ്ടു തന്നെ അദ്ദേഹത്തെ അഹങ്കാരിയെന്നും തന്നിഷ്ടക്കാരനെന്നും ശത്രുക്കൾ മാത്രമല്ല കൂടെനിന്ന ആളുകൾ പോലും ചിലപ്പോൾ പറഞ്ഞിട്ടുണ്ട്. പക്ഷേ, ആ ഹൃദയത്തിന്റെ ആഴം പലരും

മനസ്സിലാക്കിയില്ല എന്ന് മാത്രമേയുള്ളൂ. എന്നാൽ മലങ്കരസഭയുടെ സമാധാനത്തിനു വേണ്ടി, ഇവിടെ സ്വാതന്ത്ര്യവും ക്രമീകൃതവുമായ ഒരു സഭ ഉണ്ടാക്കുന്നതിനുവേണ്ടി, ഭൂമിയോളം താഴാൻ അദ്ദേഹം തയ്യാറായിട്ടുണ്ട്. അദ്ദേഹത്തിന്റെ മർദ്ദീൻ യാത്രയിൽ അതിനുവേണ്ടിയുള്ള ഒരുക്കവും അവിടെചെന്ന് പാത്രിയർക്കീസിനോടു പറഞ്ഞ കാര്യങ്ങളും വായിച്ചാൽ അദ്ഭുതപ്പെട്ടുപോകും. ഈ പുറമെ ധാർഷ്ട്യം കാണിക്കുന്ന അഹങ്കാരിയെന്നു വിളിക്കപ്പെട്ടിരുന്ന മനുഷ്യനാണോ തന്റെ സഭയ്ക്കുവേണ്ടി ഇങ്ങനെ സംസാരിക്കുന്നതെന്ന് നമുക്ക് അദ്ഭുതം തോന്നും. അപ്പോൾ മലങ്കരസഭയുടെ നന്മയും സമാധാനവും മാത്രമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അതിനുവേണ്ടി സ്വന്തം സ്ഥാനം ത്യജിക്കാൻ എപ്പോഴും തയാറായിരുന്നു; അത് വെറുമൊരു പൊള്ളവാക്ക് അല്ല, ഭംഗിവാക്ക് അല്ല അദ്ദേഹം പറഞ്ഞിരുന്നത്. അദ്ദേഹം യഥാർത്ഥമായിട്ട് അങ്ങനെ തന്നെ തയാറായിരുന്നു. സത്യത്തിനും നീതിക്കും വേണ്ടിയുള്ള ഈ വിട്ടുവീഴ്ചയില്ലാത്ത നിലപാട് മാർ ദീവന്നാസ്യോസിന്റെ കാതലായ സ്വഭാവമായിരുന്നു. വാളു വച്ച് കഴുത്തറത്താലും താനും തന്റെ സഹോദര മെത്രാപ്പോലീത്തന്മാരും മലങ്കരസഭയുടെ സ്വാതന്ത്ര്യത്തെ ഹനിച്ചുകൊണ്ടുള്ള ഒരു സമാധാനത്തിന് തയ്യാറാകുകയില്ല എന്നദ്ദേഹം പാത്രിയർക്കീസിനോട് നേരിട്ട് പറഞ്ഞു. അതിനദ്ദേഹം കഷ്ടതകൾ സഹിക്കുകയും ചെയ്തു. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ ചരമപ്രസംഗത്തിൽ പ. ഗീവർഗീസ് ദ്വിതീയൻ ബാവാ പറഞ്ഞത് വട്ടശ്ശേരിൽ തിരുമേനി മലങ്കരസഭയുടെ മൗദ്യോനോ ആണെന്ന്. കൺഫെസർ അതായത് കർത്താവിനുവേണ്ടി സാക്ഷ്യം വഹിക്കുകയും കഷ്ടത അനുഭവിക്കുകയും എന്നാൽ കൊല്ലപ്പെടാതെ സ്വാഭാവിക മരണം പ്രാപിക്കുകയും ചെയ്യുന്ന ആളാണ് മൌദ്യോനോ. ഈ തിരുമേനി 20-ാം നൂറ്റാണ്ടിലെ സഭയുടെ കൺഫെസർ ആയിരുന്നു, മൗദ്യോനോ ആയിരുന്നു എന്നുള്ളതാണ് വാസ്തവം.

മർദ്ദീനിലേക്കു യാത്ര പുറപ്പെടുംമുമ്പ്, പാത്രിയർക്കീസുമായി സംസാരിച്ച് ഇവിടെ അനുരഞ്ജനമുണ്ടാക്കുന്നതിനു വേണ്ടിയുള്ള മഹത്തായ യാത്രയ്ക്ക് ഒരുങ്ങുന്നതിനു മുമ്പ്, അദ്ദേഹം കുണ്ടറ സെമിനാരിയിൽ വച്ചു ചെയ്ത പ്രസംഗം വളരെ ഹൃദയസ്പർശിയാണ്. അന്നുണ്ടായിരുന്ന ചില ഊഹാപോഹങ്ങളെക്കുറിച്ച് അദ്ദേഹം തന്നെ പറയുന്നുണ്ട്. ഈ വാർദ്ധക്യകാലത്ത് ഈ മനുഷ്യൻ വിദേശത്തേയ്ക്ക് പോകുന്നതിന്റെ കാരണം കേസിൽ തോറ്റതിലുള്ള ദുഃഖം മറക്കുന്നതിനു വേണ്ടിയുള്ള ഒരു വിദേശ സഞ്ചാരമാണെന്ന് ചില ആളുകൾ പറഞ്ഞു. മറ്റു ചിലർ പറഞ്ഞു, ഇദ്ദേഹം ഇവിടെനിന്ന് രക്ഷപെട്ട് ശീമയിൽ പോയി ശിഷ്ടായുസ് കഴിക്കുവാൻ വേണ്ടി പോകുകയാണ്. വേറെ ചിലർ പറഞ്ഞു, ഇദ്ദേഹം പാത്രിയർക്കീസിനെ പോയി കണ്ടിട്ട്, അവിടെ അദ്ദേഹത്തെ കാര്യങ്ങൾ പറഞ്ഞ് ബോദ്ധ്യപ്പെടുത്തുവാൻ സാധിച്ചില്ലെങ്കിൽ മറ്റേതെങ്കിലും ഒരു കിഴക്കൻ സഭയിൽ നമ്മുടെ സഭയെ ചേർക്കുന്നതിനുവേണ്ടിയാണ് പോകുന്നതെന്ന്. എന്നിട്ട് അദ്ദേഹം തന്നെ വ്യക്തമായി തന്റെ യാത്രയുടെ ലക്ഷ്യം വിശദമാക്കുകയും ചെയ്യുന്നുണ്ട്. ഞാനിത് പറഞ്ഞത്, നമ്മുടെ സഭ രണ്ടായി കഴിഞ്ഞു, നമ്മുടെ സഭ രണ്ടായിട്ട് നിൽക്കണം, രണ്ടായി തുടർന്നാൽ തരക്കേടില്ല, രണ്ടാക്കിവേണം സമാധാനമുണ്ടാക്കാൻ എന്നൊക്കെ ധാരാളം പറയുന്നുണ്ട്. എന്നാൽ എന്തായിരുന്നു വട്ടശ്ശേരിൽ തിരുമേനിയുടെ മനസ്സിലിരുന്നത് എന്നുള്ളത് അറിയാൻ ഒരു ഉദ്ധരണി കൂടി ഞാൻ എടുക്കുകയാണ്. അദ്ദേഹത്തിന്റെ അന്ത്യസന്ദേശത്തിൽ നിന്നാണ് ഈ വാചകം: “ചെറിയ ആട്ടിൻകൂട്ടമാകുന്ന നമ്മുടെ പാവപ്പെട്ട സഭ ഛിന്നഭിന്നമായി തീരാതിരിക്കാനായി സകല വാശികളും വഴക്കുകളും ഉപേക്ഷിച്ചും സഭയുടെ യോജിപ്പിനായി യഥാർത്ഥമായ സ്വാർത്ഥ പരിത്യാഗത്തോടു കൂടിയും സർവ്വാത്മനാ പ്രയത്നിക്കണമെന്നുള്ളതു ദൈവസന്നിധിയിൽ നിങ്ങളുടെ സർവപ്രധാനമായ ചുമതലയായി നമ്മുടെ പ്രിയ മക്കളിൽ ഓരോരുത്തരും സ്വീകരിക്കണമെന്നു നമ്മുടെ അവസാന ശ്വാസത്തോടുകൂടി നാം പ്രബോധിപ്പിച്ചുകൊള്ളുന്നു.”

സത്യത്തിൽ നടക്കുക എന്നാണ് യോഹന്നാൻ ശ്ലീഹാ പറയുന്നത്. നമുക്കറിയാം സത്യം എന്നുള്ളത് ഒരു Substantive form-ൽ ഉപയോഗിച്ചാൽ നമുക്കാർക്കും ഒന്നും മനസ്സിലാവുകയില്ല. എന്താണ് സത്യമെന്ന് കർത്താവിനോട് പൊന്തിയോസ് പീലാത്തോസ് ചോദിച്ചപ്പോൾ കർത്താവ് യാതൊരു മറുപടിയും പറഞ്ഞില്ല. ധാരാളം ആളുകൾ ആ ചോദ്യം ഉന്നയിക്കുന്നുണ്ടെങ്കിലും ഇതുവരെയും ഒരു മറുപടിയും കിട്ടിയിട്ടില്ല. സത്യത്തെ അതിന്റെ നാമരൂപത്തിൽ നാമാരും അറിയുന്നില്ല. അതൊരു വിശേഷണരൂപത്തിൽ adjective രൂപത്തിൽ നാം അറിയുന്നുണ്ട്. സത്യമുള്ള മനുഷ്യൻ എന്നു പറഞ്ഞാൽ പെട്ടെന്നു മനസ്സിലാകും. സത്യമുള്ള പ്രവൃത്തി എന്നു പറഞ്ഞാൽ നമുക്ക് പെട്ടെന്ന് മനസ്സിലാകും. സത്യത്തിൽ നടക്കുന്നവൻ എന്നു പറഞ്ഞാലും നമുക്ക് പെട്ടെന്ന് മനസ്സിലാവും. ഇതുപോലെയാണ് നന്മ, സ്നേഹം തുടങ്ങിയ പദങ്ങളെല്ലാം തന്നെ. അതിന്റെ നാമരൂപം പറഞ്ഞാൽ നമുക്കൊന്നും മനസ്സിലാവുകയില്ല. യാതൊരു നിർവചനവും അതിനില്ല. ആർക്കുമത് നിർവചിക്കാൻ സാധ്യമല്ല. പക്ഷേ നന്മയുള്ള മനുഷ്യരെ നമുക്കറിയാം, സൗന്ദര്യമുള്ള വ്യക്തികളെ നമുക്കറിയാം, സ്നേഹമുള്ള പ്രവർത്തനങ്ങളെ നമുക്ക് തിരിച്ചറിയാനായിട്ട് സാധിക്കും. ഇന്ന് സത്യത്തെക്കുറിച്ചുള്ള ഒരു ആശയമല്ല നമ്മുടെ സഭയ്ക്ക് വേണ്ടത്. സത്യത്തെക്കുറിച്ചുള്ള വേദത്തിന്റെ വ്യാഖ്യാനമല്ല നമുക്ക് വേണ്ടത്. സത്യത്തെക്കുറിച്ചുള്ള കാനോനിക നിർവ്വചനമല്ല നമുക്ക് വേണ്ടത്. നേരെമറിച്ച്, നമ്മുടെ സഭയിൽ ജനങ്ങളും നേതാക്കന്മാരും സത്യത്തിൽ നടക്കുന്നവരായി, സത്യം പറയുന്നവരായി, സത്യം പ്രവർത്തിക്കുന്നവരായി തീരുമ്പോൾ ഇവിടെ മാറ്റങ്ങൾ ഉണ്ടാകും. കഴിഞ്ഞ 300 വർഷങ്ങൾ എങ്കിലുമായി നമ്മുടെ സഭയെ നയിച്ച അതിപ്രശസ്തന്മാരായ, ഉന്നതരായ നേതാക്കളെല്ലാം ഒരളവിൽ നാടകത്തിന്റെ ഭാഷയിൽ പറഞ്ഞാൽ ദുരന്ത നായകന്മാരാണ്. അങ്ങനെ പറയുന്നതിൽ ക്ഷമിക്കണം. പക്ഷേ, അത് പറയാതിരിക്കാൻ സാദ്ധ്യമല്ല. കാരണം അവരുടെ അപ്രതിഭരമായ പ്രതിഭയും സമയവും താലന്തുകളും ഏതാണ്ട് മുഴുവനായിട്ട് വ്യവഹാരങ്ങൾക്കുവേണ്ടി ഈ ചെറിയ സമൂഹത്തിന്റെ അന്തഃഛിദ്രത്തിനുവേണ്ടി അവർ ചിലവഴിച്ചു. ഏറ്റവും നല്ല ഉദാഹരണമാണ് വട്ടശ്ശേരിൽ തിരുമേനി. അതുകൊണ്ട് ഏറ്റവും വലിയ ദുരന്തനായകനുമാണ് നമ്മുടെ സഭയിലദ്ദേഹമെന്ന് ഞാൻ പറയുന്നതിൽ നിങ്ങൾ ദയവായി ക്ഷമിക്കണം. ദൈവം തന്ന ധിഷണാശക്തി, നേതൃത്വപാടവം, ദൈവശാസ്ത്ര പാണ്ഡിത്യം, സഭാചരിത്ര അവഗാഹം എന്നിവയെല്ലാമെടുത്താൽ മറിച്ചൊരു വാക്കു പറയാൻ അദ്ദേഹത്തിന്റെ ശത്രുക്കൾ പോലും തുനിയുകയില്ല. മഹാനായ ഈ വ്യക്തിയുടെ ദൈവദത്തമായ കഴിവുകളുടെ വലിയ പങ്ക് നമ്മുടെ സമൂഹം പാഴാക്കിക്കളഞ്ഞു എന്നുള്ളതിനെക്കുറിച്ച് നാം എന്നും ദുഃഖിക്കേണ്ടതാണ്. ഈ മഹാ

മനുഷ്യഹോമം നടത്തിയിട്ടും ഇന്നും കേസുകളുടെ കെട്ടുകൾ അഴിയാതെ നമ്മുടെ വഞ്ചി തിരുനക്കരത്തന്നെയാണ് എന്നുള്ളത് വലിയ ദുഃഖസത്യമാണ്.

മഹാനായ മാർ ദീവന്നാസ്യോസിനെ നാം സ്മരിക്കുമ്പോൾ നമ്മുടെ സഭയുടെ ഭാവിയെക്കുറിച്ച് നാമെല്ലാവരും വളരെ ഗൗരവമായിട്ട് ചിന്തിക്കേണ്ടതാണ്. അല്പം സങ്കടത്തോടെയാണിത് പറയുന്നത്. കാരണം, കഴിഞ്ഞ പ്രാവശ്യം സഭയിൽ പ്രശ്നമുണ്ടായപ്പോൾ എത്രമാത്രം തീവ്രവേദനയോടുകൂടി തിരുമേനിമാരും അച്ചന്മാരും അൽമായക്കാരും സമാധാനത്തിന് വേണ്ടി പ്രവർത്തിച്ചു എന്ന് നിങ്ങൾക്കറിയാം. പക്ഷേ, ഈ വേള യാതൊരു ചലനവും യാതൊരു വേദനയും ആർക്കുമില്ല. യാതൊരു കൺസേണുമില്ല. ഇതെങ്ങെനെ മുമ്പോട്ടു പോകുമെന്നുള്ള ഒരു ചോദ്യത്തിന് അവഗണനയും അലസ മനോഭാവവുമാണ് കാണുന്നത്. ഗൗരവമായിട്ട് ചിന്തിക്കേണ്ട കാര്യമാണിതെന്നുള്ളതു കൊണ്ടാണ് ഞാനീ കാര്യങ്ങൾ പറയുന്നത്.

ഒന്നാമതായിട്ട് നമ്മുടെ സഭയിൽ സമാധാനമുണ്ടാകണമെങ്കിൽ സഭ മുഴുവനായി, എന്നു പറഞ്ഞാൽ ഇരുഭാഗ ങ്ങളും ചേർന്ന് ഒരു തീരുമാനമെടുക്കണം. അതായത് ഈ വ്യവഹാരങ്ങൾ ഇവിടെ അവസാനിപ്പിക്കുകയും നമ്മുടെ പ്രശ്നങ്ങൾക്ക് നീതിപൂർവ്വകമായ ഒരു പരിഹാരം ഉണ്ടാക്കുകയും ചെയ്യുമെന്നുള്ള ഒരു തീരുമാനമെടുക്കണം. അത് നടത്തേണ്ടതെങ്ങനെയെന്ന്, പരിഹാരമുണ്ടാക്കേണ്ടതെങ്ങനെയെന്ന് എന്നുള്ളത് രണ്ടാമത്തെ കാര്യമാണ്. പല ആളുകൾക്കും ഒരുപക്ഷേ സംശയമുണ്ടായേക്കാം ഇത് രണ്ടും ഒന്നല്ലേ എന്ന്. പക്ഷേ സൂക്ഷ്മമായ ഒരു വ്യത്യാസമുണ്ട്. നമ്മൾ ഒരു തീരുമാനമെടുക്കുന്നതും ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പിന്നീട് അതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുന്നതും തമ്മിൽ വലിയ ഒരു വ്യത്യാസമുണ്ട്. അതിന് ചെറിയൊരു ഉദാഹരണം ഞാൻ പറഞ്ഞു കൊള്ളട്ടെ. പസഫിക് സമുദ്രത്തിൽ ധാരാളം ദ്വീപുകൾ ഉണ്ടെന്ന് നമുക്കറിയാം. ആ മിക്ക ദ്വീപുകളും ആളുകൾ താമസിക്കുന്ന ദ്വീപുകൾ തന്നെയാണ്. ഇത് വളരെ ചെറിയ ദ്വീപുകളാണ്. ശാന്തസമുദ്രത്തിന്റെ പാരാവാരങ്ങളിൽ അവിടെയും ഇവിടെയും കൊച്ചു പൊട്ടുകളായി കിടക്കുന്ന ഈ ദ്വീപുകൾ തമ്മിൽ കമ്മ്യൂണിക്കേഷൻ അത്ര എളു പ്പമല്ല. ഓരോ ദ്വീപും ഭൂമിശാസ്ത്രപരമായിട്ട് പറഞ്ഞാൽ വളരെ ചെറിയൊരു സ്ഥലമാണ്. കുറച്ച് ആളുകൾ മാത്ര മേയുള്ളൂ. ഇടയ്ക്കിടയ്ക്ക് ഇവിടെ വഴക്കുകളുണ്ടാകും. ഈ ദ്വീപിനകത്ത് ആളുകൾ തമ്മിൽ വഴക്കും പ്രയാസങ്ങളും ഒക്കെ ഉണ്ടാകും. അങ്ങനെ വരുമ്പോൾ അത് പരിഹരിക്കുവാനായി ആ സമൂഹത്തിലെ മൂപ്പന്മാരെല്ലാവരും കൂടി ഒരുമിച്ച് കൂടിവരും. കൂടിവരാതെ നിവൃത്തിയില്ല. കാരണം, ഒരു യുദ്ധമുണ്ടായാൽ സംഘർഷമുണ്ടായാൽ പെട്ടെന്നു തന്നെ അവിടെയുള്ള ആളുകളെല്ലാം നശിച്ചുപോകും. ആ ദ്വീപിലെ മനുഷ്യവംശം അതോടെ അവസാനിക്കും. വേറെയൊരിടത്തു നിന്നും അവർക്ക് സഹായം കിട്ടാനില്ല. ഒരിടത്തേക്കും ഓടിപ്പോകുവാൻ സാധ്യമല്ല. കാരണം ശാന്തസമുദ്രം അവർക്ക് പരിമിതി ഇട്ടിരിക്കുകയാണ്. അവരുടെ ദേശത്തിനും വംശത്തിനും പരിമിതി ഇട്ടിരിക്കുക യാണ്.

അതുകൊണ്ട് പ്രശ്നമുണ്ടാകുമ്പോൾ ഗോത്രതലവന്മാർ കൂടിവന്നിട്ട് അവരുടെ പ്രത്യേകമായ കൂടാരത്തിൽ അവർ ഇരിക്കും. അവരുടെ പരമ്പരാഗതമായ പുകയിലപ്പെപ്പ് മാറിമാറി വലിക്കും. ഒരക്ഷരം പോലും മിണ്ടുകയില്ല. അനേകം ദിവസങ്ങൾ വെറുതെയിരിക്കും. പക്ഷേ, അന്യോന്യം സംസാരിക്കുകയില്ല. ഏതെങ്കിലുമൊരു സുവർണ്ണ നിമിഷത്തിൽ ആ പ്രശ്നത്തിന് പരിഹാരമുണ്ടാകും. ആ തീരുമാനം എല്ലാവരും അംഗീകരിക്കും. അന്തഃഛിദ്രം അവസാനിക്കുകയും ചെയ്യും.

Reconciliation -നുള്ള അത്യപാരമായ കഴിവ് നമുക്കും എല്ലാവർക്കും ദൈവം നൽകിയിട്ടുള്ളതാണ്. ഈ കഴിവിനെ ഉപയോഗിക്കുവാൻ നമ്മുടെ സഭയ്ക്കും നമ്മുടെ സഭയിലെ വലിയ വലിയ കഴിവുള്ള വ്യക്തികൾക്കും നേതാക്കന്മാർക്കും സാധിക്കുന്നില്ല എന്നുള്ളതാണ് ഏറ്റവും പരിതാപകരമായ സംഗതി. ഒരു പ്രശ്നമുണ്ടായാൽ ആ പ്രശ്നം തീർക്കണം എന്ന തീരുമാനമെടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രശ്നത്തിനു പരിഹാരം തേടുകയും ചെയ്യണം. ഒരു സ്ഥാപനത്തിലാണെങ്കിലും, സഭയിലാണെങ്കിലും, ഒരു വലിയ സമൂഹത്തിലാണെങ്കിലും പ്രസക്തമായ ഒരു തത്വമാണത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് പ്രശ്നത്തിനു പരിഹാരം ഉണ്ടാക്കണമെന്ന് തീരുമാനമെടുക്കുന്നതും തമ്മിൽ അല്പം വ്യത്യാസമുണ്ട് എന്ന്. നമ്മുടെ സഭയുടെ നേതാക്കന്മാർക്ക് (ഞാൻ തിരുമേനിമാരെക്കുറിച്ചു മാത്രമല്ല നേതാക്കൾ എന്നു പറയുന്നത്) വൈദികരുടെയും അൽമായക്കാരുടെയും ഇടയിൽ നേതൃത്വത്തിനു വിളിക്കപ്പെട്ടിരിക്കുന്ന എല്ലാവർക്കും 30 ദിവസം ഇങ്ങനെയൊന്ന് ഇരിക്കാൻ സാധിക്കുമോ എന്ന് ഞാൻ എന്നോട് തന്നെ ചോദിക്കുകയാണ്. തീർച്ചയായും രണ്ടു ദിവസം കഴിയുമ്പോൾ കുറച്ചുപേർക്കൊക്കെ ബോറടിക്കും. കുറച്ചു മെത്രാന്മാർക്കും കുറച്ച് അൽമായനേതാക്കൾക്കും വൈദികർക്കും ബോറടിക്കുകയും അവർ ഇറങ്ങിപ്പോവുകയും ചെയ്യും. മറ്റുള്ളവർ അവിടെ ഇരിക്കണം. ഇരുന്നാൽ 30 അല്ല ഒരു 300 ദിവസം ഇരുന്നാലും കുഴപ്പമില്ല. കാരണം 300 വർഷങ്ങളായി നമ്മളീ പരിപാടി തുടങ്ങിയിട്ട്. അതുകൊണ്ട് ഒരു 300 ദിവസം ഒരുമിച്ചിരുന്നാലും പ്രശ്നമില്ല. പള്ളിയിലെ പെരുന്നാളുകൾ എല്ലാം പോകട്ടെ, കല്യാണങ്ങളും ശവമടക്കുകളും മാമോദീസാകളുമെല്ലാം പോകട്ടെ. അതിൽ നിന്നുള്ള ആദായങ്ങളും പോകട്ടെ. ഒരു 300 ദിവസം നമ്മുടെ നേതാക്കന്മാർക്ക് ഇങ്ങനെയിരുന്ന് മൗനമായിട്ടിരുന്നുകൊണ്ട് പരസ്പരം മുഖത്തുനോക്കി ഇരിക്കുവാൻ സാധിക്കുമെങ്കിൽ നമ്മുടെ പ്രശ്നങ്ങൾ പരിഹൃതമാകും എന്ന് ദൈവത്തിന്റെ പരിശുദ്ധാത്മാവിൽ ഉറച്ചുകൊണ്ട് ഞാൻ പറയുകയാണ്.

രണ്ടാമത്തെ സംഗതി, നമ്മുടെ സഭയുടെ കാനോനികവും നിയമപരവും ദൈവശാസ്ത്രപരവുമായ ഇന്നത്തെ അവസ്ഥയെ യാഥാർത്ഥ്യബോധത്തോടു കൂടി ഒന്ന് വിശകലനം ചെയ്താൽ ഒരു കാര്യം നമുക്ക് വ്യക്തമാകും. അതായത് നമ്മുടെ സഭയിൽ ഇന്ന് ഇരു വിഭാഗങ്ങളും തമ്മിൽ യോജിക്കാതെ സമാധാനപരമായ അന്തരീക്ഷം സൃഷ്ടിക്കുവാൻ മറ്റ് യാതൊരു പോംവഴിയുമില്ല എന്നുള്ളതാണത്. ഇതൊരു Romantic Coclusion അല്ല; യാഥാർത്ഥ്യ ബോധത്തോടു കൂടി വിശകലനം നടത്തിയാൽ കിട്ടുന്ന ഒരു മറുപടിയാണ്. പിരിഞ്ഞുപോകണമെന്നും വെട്ടി മുറി

ക്കണമെന്നും, ഒരിക്കലും ഇനി മറ്റുള്ളവന്റെ മുഖം കാണരുതെന്നുമൊക്കെ പറയുന്ന ആളുകൾ നമ്മുടെ മദ്ധ്യത്തിൽ ഇവിടെ ഇരിപ്പുണ്ട്. പക്ഷേ, നമുക്കറിയാം നമ്മുടെ പാവപ്പെട്ട ജനങ്ങളെ ഒരിക്കലും അവസാനിക്കാത്ത യുദ്ധങ്ങളിലേക്ക് വലിച്ചിഴയ്ക്കുവാനുള്ള മാർഗ്ഗമാണ് നാമിവിടെ കാണുന്നത്. കുറച്ചുവർഷങ്ങൾക്കു മുമ്പു വരെ പങ്കുവച്ചു പിരിയുവാനുള്ള സാഹചര്യം നമുക്കുണ്ടായിരുന്നു. പക്ഷേ, ഇന്ന് നിർഭാഗ്യവശാലോ ഭാഗ്യവശാലോ ഇന്നത്തെ ചുറ്റുപാട് പൂർണ്ണമായിട്ടും മാറിക്കഴിഞ്ഞു. പങ്കു വച്ച് പിരിയാൻ പോലുമുള്ള സാദ്ധ്യത നമുക്ക് ഇല്ലാതായിക്കഴിഞ്ഞിരിക്കുന്നു. അനുരഞ്ജനവും സമാധാനവും എന്ന ഏക വഴി മാത്രം തുറന്നിരിക്കുന്ന ഒരു വെട്ടിലേക്ക് ദൈവം നമ്മളെ കൊണ്ടുവന്നിരിക്കുകയാണ്. ആ വെട്ടിൽ നിന്ന് പുറത്തുചാടാൻ ഒരൊറ്റ മാർഗ്ഗം മാത്രമേയുള്ളൂ. മറ്റ് മാർഗ്ഗങ്ങൾ അവലംബിച്ചാൽ തീർച്ചയായും നിരന്തരമായ ഒരു യുദ്ധത്തിലേക്ക് ഏതാനും ദിവസങ്ങൾക്കകം പ്രവേശിക്കാം എന്നു പറയുന്നതിൽ എനിക്ക് യാതൊരു മടിയും ഇല്ല. എത്രയോ വർഷങ്ങളായി നാം കേൾക്കുന്നു, കോടതിവിധി കിട്ടിക്കഴിഞ്ഞാൽ നാം രക്ഷപ്പെട്ടുവെന്ന്. ഇങ്ങനെ തമ്പേറടിച്ചു പറയുന്ന ആളുകളെ നേതാക്കന്മാരെ ജനങ്ങളെ നാം കാണുന്നുണ്ട്. തീർത്തും അബദ്ധമാണ്. പരിശുദ്ധാത്മാവിനെതിരായ പാപമാണതെന്ന് പറയുവാൻ പോലും ഈ എളിയവനായ ഞാൻ മടിക്കുന്നില്ല.

മൂന്നാമതായി, നമ്മുടെ സഭയുടെ വിഭജനത്തിന് യാതൊരു സാമാന്യ ന്യായീകരണവും ഇല്ല. സാമാന്യഗതിയിൽ ജനങ്ങളെ തമ്മിൽ വേർതിരിക്കുന്നത് ഭാഷ, സംസ്കാരം, വംശം, മൗലികമായ മതവിശ്വാസങ്ങൾ ഇതൊക്കെയാണ്. സമാധാനപരമായ ഒരു അന്തരീക്ഷം നിലനിൽക്കുകയാണെങ്കിൽ ഇതിന്റെ അടിസ്ഥാനത്തിലുള്ള വേർപിരിയലുകൾ എല്ലാം തന്നെ ന്യായീകരിക്കത്തക്കതാണ്. എത്യോപ്യൻ സഭയും നമ്മുടെ സഭയും കുർബ്ബാനയിൽ ഒന്നാണ്. ഒരേ വിശ്വാസമാണ്. അത് വേറൊരു ജാതിയാണ്, വംശമാണ്, ഭാഷയാണ്. ഭൂമിശാസ്ത്രപരമായ അകലമുണ്ട്. നാം രണ്ട് സഭകളായിട്ട് നിലകൊള്ളുന്നു. നാം ഏറ്റവും ബഹുമാനിക്കുന്ന നമ്മുടെ സഹോദരീ സഭയായ സിറിയായിലെ സഭ, അവിടുത്തെ ജനങ്ങൾ വേറൊരു വംശമാണ്, രക്തമാണ്, ഭാഷയാണ്, ജാതിയാണ്. വിശ്വാസം ഒന്നാണ്. ഭൂമിശാസ്ത്രപരമായ വ്യത്യാസങ്ങളുണ്ട്. അതുകൊണ്ട് രണ്ട് സഹോദരീ സഭകളായിട്ട് നിൽക്കണമെന്നുതന്നെയാണ് നാം എന്നും പറഞ്ഞിരുന്നത്. വട്ടശ്ശേരിൽ തിരുമേനിയും ആഗ്രഹിച്ചിരുന്നത് അതാണ്. അപ്പോൾ ഇതൊക്കെ ന്യായീകരിക്കാവുന്ന കാര്യങ്ങളാണ്. പക്ഷേ, ഇവിടെ ഈ കേരളത്തിൽ നമ്മുടെ മലങ്കര സുറിയാനിസഭയിൽ ഈ വിഭജനത്തിന് യാതൊരു ന്യായീകരണവുമില്ല. കാരണം, ഇവിടെ ഒരേ ഭാഷ സംസാരിക്കുന്ന, ഒരേ സംസ്കാരമുള്ള ഒരേ വിശ്വാസമുള്ള, ഒരേ കുടുംബത്തിൽ പെട്ട ഒരു ജനതയാണ്. ഇവിടെ മലങ്കര ഓർത്തഡോക്സ് സഭയെന്നും മലങ്കര യാക്കോബായ സഭയെന്നും പറയുന്നതിൽ യാതൊരു അർത്ഥവുമില്ല.

1972-ലോ മറ്റോ ആണെന്നു തോന്നുന്നു. മാരാമൺ കൺവൻഷനിൽ ഞാൻ യാദൃശ്ചികമായി ചെന്നപ്പോൾ മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്ക് കേട്ട ഒരു വാചകം എന്റെ ഹൃദയത്തിൽ തറഞ്ഞു കിടപ്പുണ്ട്. ഇന്നും അതിന്റെ വേദന മാറിയിട്ടില്ല. നമ്മുടെ സഭ രണ്ടായിട്ടില്ല. നമ്മുടെ സഹോദരീ സഭകളായ യാക്കോബായ സഭയ്ക്കുവേണ്ടിയും ഓർത്തഡോക്സ് സഭയ്ക്കുവേണ്ടിയും നമുക്ക് പ്രാർത്ഥിക്കാം എന്ന് പരസ്യമായിട്ട് പറയുകയും അവിടെ അവിടെ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുകയും ചെയ്തു. ഇതാണ് നമ്മുടെ സഹോദരീ സഭകളുടെ എക്യുമെനിക്കൽ മനോഭാവം. ഇത് മനസ്സിൽ കണ്ടുകൊണ്ടുവേണം നമ്മുടെ സഭയുടെ അന്തഃഛിദ്രത്തെക്കുറിച്ച്, ഭിന്നതയെക്കുറിച്ച് നാം എന്തെങ്കിലും ഒരു നിലപാട് എടുക്കുവാൻ.

നാലാമതായി, അവസാനമായി ഒരു കാര്യം കൂടി പറഞ്ഞുകൊള്ളട്ടെ. നമ്മുടെ സഭയിൽ നിന്ന് അസ്വസ്ഥതകളും അസമാധാനങ്ങളും പൂർണ്ണമായിട്ട് മാറണമെങ്കിൽ നാം ഭാവിയിലേക്ക് തിരിയുന്ന ഒരു സഭയായി തീരണം. നമ്മുടെ പൂർവകാലത്തിൽ ഏതോ ഒരു ദശാബ്ദത്തിൽ ഒരു കുരുക്ക് വീണു. ആ കുരുക്ക് അഴിക്കുന്നതിനുവേണ്ടി നമ്മുടെ പിതാക്കന്മാരെല്ലാവരും ആത്മാർത്ഥമായിട്ട് ശ്രമിച്ചു. നാമും ശ്രമിക്കുകയാണ്. പക്ഷേ, അഴിക്കാൻ ശ്രമിച്ചവരിൽ പലരും കുനിഞ്ഞുനിന്ന് ആ കെട്ടിനെ മാത്രം നോക്കിക്കൊണ്ട് അഴിക്കുകയാണ്. പിന്നീട് വന്ന തലമുറകളും അവരോടുകൂടി ചേർന്ന് ആ കുരുക്കഴിക്കുകയാണ്. എല്ലാവരും കുനിഞ്ഞു നിൽക്കുകയാണ്. എല്ലാവരും പുറകോട്ടു നോക്കുകയാണ്. എല്ലാവരും കൂട്ടമായിട്ട് വന്ന് ഒരു ചെറിയ കുരുക്കഴിക്കാൻ ശ്രമിക്കുകയാണ്. അതിന്റെ ഫലമായിട്ട് നൂറു വർഷമായിട്ട് കുരുക്കിന്മേൽ കുരുക്ക് വീണുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് നമുക്കാ കുരുക്കിനെ വിട്ടിട്ട് എല്ലാവരും കൂടി കിഴക്കോട്ട് തിരിയാം. കിഴക്ക് എന്ന് പറയുന്നത് നമ്മുടെ പ്രത്യാശയുടെയും ഉദയത്തിന്റെയും ദിക്കാണ്. നമ്മുടെ കുരുക്കവിടെ കിടക്കട്ടെ. ഭൂതകാലമവിടെ കിടക്കട്ടെ. നമുക്ക് കിഴക്കോട്ട് തിരിയാം. ഭാവിയിലേക്കു നോക്കാം ഒരു Future orientation ഒരു Future projection നമുക്ക് ആവശ്യമാണ്. Future എന്നു പറഞ്ഞാൽ ഉടനെ, നാളെ സ്കൂളു തുടങ്ങാം, കോളജ് തുടങ്ങാം, സ്വാശ്രയ കോളജ് തുടങ്ങാം എന്നാണ് പെട്ടെന്ന് ആളുകൾ ചിന്തിക്കുന്നത്. അതിനെക്കുറിച്ചല്ല ഞാൻ പറയുന്നത്. അത് ആവശ്യമുള്ളതാണ്. അതിനപ്പുറത്തേക്ക് കാണുവാൻ നമ്മുടെ കണ്ണുകൾക്ക് സാധിക്കണം. നമ്മുടെ ആന്തരിക നേത്രങ്ങൾ അതിനപ്പുറത്തേയ്ക്ക് പോകണം എന്നുള്ളതുകൊണ്ടാണ് പറയുന്നത്. ഭാവി ഉന്മുഖമായ ദർശനം Future oriented vision നമ്മുടെ സഭയ്ക്ക് കിട്ടണം.

അങ്ങനെ കിട്ടിയെങ്കിൽ നമുക്ക് രണ്ട് കാര്യങ്ങൾ ചെയ്യാൻ സാധിക്കും. ഒന്ന്, നമ്മുടെ പാരമ്പര്യത്തിന്റെ പുനഃസൃഷ്ടി നടത്തുവാൻ സാധിക്കും. Re creation, Re construction from our tradition. മറ്റൊന്ന് നമ്മുടെ സ്വാതന്ത്ര്യത്തിന് ഒരു പുതിയ അടിസ്ഥാനവും ഒരു പുതിയ മാനവും കൊടുക്കാൻ സാധിക്കണം. നമുക്ക് ഹൃദയസ്പർശിയായ പ്രാർത്ഥനകൾ ഉണ്ട്. തീർച്ചയായും നാം ഈ പാരമ്പര്യത്തിലാണല്ലോ എന്നു പലപ്പോഴും നമുക്ക് അഭിമാനം കൊള്ളുവാൻ സാധിക്കുന്ന ആരാധനയാണ് നമുക്ക് ഉള്ളത്. പക്ഷേ അതിന്റെ അടിസ്ഥാനത്തിൽ ഒരു പുതിയ സ്വാതന്ത്ര്യബോധത്തെ നാം രൂപപ്പെടുത്തണം. അതിനു മൂന്നു കാര്യങ്ങൾ മാത്രമേ വേണ്ടിയതുള്ളൂ.

ഒന്ന്, നമ്മുടെ സഭയുടെ അപ്പോസ്തോലികമായ പാരമ്പര്യവും ഈ സഭ അപ്പോസ്തോലികമാണെന്നുള്ള ബോധ്യവും. മാർത്തോമ്മാ ശ്ലീഹാ ഇവിടെ വന്ന് സഭ സ്ഥാപിച്ചു എന്ന് പൂർണ്ണമായി വിശ്വസിക്കുന്ന ആളാണ്

ഞാൻ. പത്രോസ് ശ്ലീഹാ റോമിൽ പോയി എന്നുള്ളതിനേക്കാൾ കവിഞ്ഞ ചരിത്രത്തെളിവുകൾ മാർത്തോമ്മാ ശ്ലീഹാ ഇന്ത്യയിൽ വന്നു എന്നതിനുണ്ട് എന്നുള്ളത് എന്റെ പൂർണ്ണമായ ബോദ്ധ്യമാണ്. പക്ഷേ, മാർത്തോമ്മാ ശ്ലീഹാ ഇവിടെ വന്നില്ലായിരുന്നുവെന്ന് തന്നെ ഇരിക്കട്ടെ. അതിനുപകരം വേറെയേതെങ്കിലും ശ്ലീഹായാണ് ഇവിടെ വന്നത്, അതല്ല മാർത്തോമ്മാശ്ലീഹായുടെ പാരമ്പര്യമുള്ള ഒരു സഭയോട് ബന്ധപ്പെട്ടാണ് നാം ആദിമ നൂറ്റാണ്ടിൽ കഴിഞ്ഞത് എന്നായാലും കുഴപ്പമില്ല; ഇവിടെ അപ്പോസ്തോലിക പാരമ്പര്യം ഉണ്ട്. ഒന്നാമത്തെ നമ്മുടെ ആധാരം അതാണ്. രണ്ടാമത്തേത്, ഇതൊരു പൗരസ്ത്യ സഭയാണ്. പോർട്ടുഗീസുകാർ വരുന്നതിനു മുമ്പേ നമ്മൾ നെസ്തോറിയർ ആയിരുന്നോ, നമ്മുടെ വിശ്വാസം എങ്ങനെയായിരുന്നു എന്നുള്ളതൊന്നും അവിടെ പ്രശ്നമല്ല. ആ വിശദാംശങ്ങളിലേക്ക് കടക്കുവാൻ ചരിത്രപരമായ രേഖകൾ നമുക്കില്ല. എന്നാണ് അന്ത്യോഖ്യൻ സുറിയാനിക്കാർ ഇവിടെ വന്നത് എന്നറിയാൻ നമുക്ക് പൂർണ്ണമായ തെളിവുകൾ ഒന്നുമില്ല. നമ്മുടെ ചരിത്രം അത്രമേൽ കെട്ടുപിണഞ്ഞതാണ്. അത്രമേൽ അവ്യക്തമാണ് നമ്മുടെ മധ്യകാല, നൂറ്റാണ്ടുകളും മുൻകാല ചരിത്രവും. പക്ഷേ ഒരു കാര്യം വ്യക്തമാണ്. ഈ സഭ എന്നും പൗരസ്ത്യ പാരമ്പര്യത്തിന്റെ അദ്ധ്യാത്മിക പ്രതിഭ വഹിക്കുന്ന ഒരു സഭയായിരുന്നു. നമ്മുടെ Spiritual genius നമ്മുടെ theological genius അത് പൗരസ്ത്യ സഭയുടേതായിരുന്നു. അതുകൊണ്ട് ഇത് പൗരസ്ത്യമായ പാരമ്പര്യത്തിലുള്ള സഭയാണെന്നുള്ളത് രണ്ടാമത്തെ സംഗതി.

മൂന്നാമത്തെ സംഗതി, നമ്മുടെ സഭ ഭാരതീയമായ സഭയാണ്. എന്നു പറഞ്ഞാൽ, പെട്ടെന്നു ചിലയാളുകൾ പറയും, ഇതൊരു nationalist understanding ആണെന്ന്. അല്ല. ഇത് ഭാരതീയമാണെന്നു പറയുമ്പോൾ ഹൈന്ദവരുടെയും ബൗദ്ധരുടേയും, ജൈനന്മാരുടെയും അങ്ങനെ മറ്റു പല ഒന്നാന്തരം ഏഷ്യൻ മതങ്ങളുടെയും സുഗന്ധമേറ്റ മണ്ണിൽ വിരിഞ്ഞ സഭയാണിത്. ഇതിന് ഭാരതീയവും ഏഷ്യയുടേതുമായ രീതികളുണ്ട്. അത് വീണ്ടും കണ്ടെത്തണം. ഈ മൂന്നു കാര്യങ്ങൾക്ക് - അപ്പോസ്തോലികമാണ്, പൗരസ്ത്യമാണ്, ഭാരതീയമാണ് എന്നുള്ളതിന് - നമുക്ക് മറ്റൊരു തെളിവും ആവശ്യമില്ല. നമ്മുടെ ഭാവിയെക്കുറിച്ചുള്ള ഒരു വലിയ ചിത്രം നാം വരയ്ക്കുമ്പോൾ വലിയ ക്യാൻവാസിൽ വരയ്ക്കണം. ഈ മൂന്ന് പ്രകാശഗോപുരങ്ങളാണ് നമ്മെ ആ ചിത്രത്തിലേക്ക് നയിക്കുന്നത്. ആ ചിത്രം വളരെ വളരെ വലിയതായിട്ട് വരയ്ക്കണം. അങ്ങനെ വരച്ചു കഴിയുമ്പോൾ നമുക്ക് പല കാര്യങ്ങൾ സാധിക്കും. ഇവിടെ നമ്മുടെ സാമൂഹിക പ്രവർത്തനം തുടങ്ങി നമ്മുടെ സഭയുടെ ആരാധന, നമ്മുടെ സംഗീതം, നമ്മുടെ പള്ളിയുടെ ശില്പശൈലി, അതുപോലെ ഇവിടെയുള്ള മറ്റ് സഹോദരീസഭകളുമായുള്ള ബന്ധം ഇതെല്ലാം ആ ചിത്രത്തിൽ സമഞ്ജസമായിട്ട് സമ്മേളിച്ചുകൊള്ളും എന്നുള്ളത് എന്റെ പൂർണ്ണമായ ബോധ്യമാണ്. ഇപ്പോൾ നമുക്ക് ഉള്ള ചിത്രം വളരെ പരിമിതവും ഭൂതകാലത്തിൽ വീണ കുരുക്കിന്മേൽ കുരുങ്ങിക്കിടക്കുന്നതുമാണ്. അതിൽ നിന്നു മോചനം പ്രാപിച്ച് ഭാവി ഉന്മുഖമായ ഒരു വലിയ ചിത്രം ഈ മൂന്നു കാര്യങ്ങളുടെ അടിസ്ഥാനത്തിൽ വരയ്ക്കുവാനുള്ള ധൈര്യം നാം കാണിക്കണം.

വളരെയേറെ ദൂരെയുള്ള, നമ്മളുമായിട്ട് യാതൊരു സാംസ്ക്കാരികമായ ബന്ധമോ ഭാഷാപരമായ ബന്ധമോ ഒന്നുമില്ലാത്ത സഭകളുമായിട്ട് ബന്ധം ഊട്ടിഉറപ്പിക്കുവാൻ ശ്രമിക്കുന്നതോടൊപ്പം, അതിനേക്കാൾ പ്രധാനമായിട്ടുള്ളത് ഇവിടെയുള്ള നമ്മുടെ സഹോദരീസഭകളോട് സ്നേഹബന്ധം പുലർത്തി യഥാർത്ഥമായ സംസർഗ്ഗത്തിലേക്കു വരിക എന്നുള്ളതാണ്. നമ്മുടെ ബഹു. വി. സി. സാമുവേൽ അച്ചൻ എപ്പോഴും ഇത് പറഞ്ഞിരുന്നു. അതൊരു റാഡിക്കൽ സ്റ്റേറ്റ്മെന്റാണ്. പക്ഷേ, അതിന്റെ പുറകിൽ ഒരു സംഗതിയുണ്ട്.

ഞാനാ റാഡിക്കൽ സ്റ്റേറ്റ്മെന്റ് മനസ്സിൽ വച്ചുകൊണ്ട് വട്ടശ്ശേരിൽ തിരുമേനിയുടെ കൃതികൾ വായിച്ചപ്പോൾ അന്ത്യശാസനത്തിൽ അദ്ദേഹം പറയുന്നു, ഏറ്റവും പ്രധാനപ്പെട്ടതേ അപ്പോൾ പറയൂ. "ഒരേ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുമുള്ള മാംസവുമെങ്കിലും നമ്മുടെ സഭയിൽ നിന്നും പിരിഞ്ഞുപോയിട്ടുള്ള സഹോദരീസമുദായങ്ങളുമായി യോജിപ്പുണ്ടാക്കണമെന്ന് നമ്മുടെ ഹൃദയത്തിന്റെ അഗാധത്തിൽ വളരെക്കാലമായി വേരൂന്നിയിരുന്ന ആഗ്രഹം സഫലീഭവിപ്പിക്കാനായി സർവ്വപ്രകാരേണ പരിശ്രമിക്കണമെന്നുള്ളതും നമ്മുടെ അവസാന ശ്വാസത്തോടുകൂടി നിങ്ങളെ നാം ഭരമേൽപ്പിക്കുന്ന ഒരു ചുമതലയും ഭാരവുമായി നിങ്ങൾ സ്വീകരിക്കണമെന്നു നാം ആഗ്രഹിക്കുന്നു."

ഭാരതീയവും അപ്പോസ്തോലികവും പൗരസ്ത്യവുമായ നമ്മുടെ സഭയുടെ ദർശനം ഈ കൊച്ചുസഭയിൽ മാത്രം ഒതുക്കി നിർത്താനുള്ളതല്ല. ഇന്ത്യയിൽ, കേരളത്തിൽ മാർത്തോമ്മാശ്ലീഹായുടെ നാമം വഹിക്കുന്ന എല്ലാ ക്രിസ്ത്യാനികളെയും ഈ വലിയ ദർശനത്തിന്റെ കാഴ്ചപ്പാടിൽ കൊണ്ടുവന്ന് ഈ വലിയ ക്യാൻവാസിൽ വരയ്ക്കുന്ന ചിത്രത്തിൽ ഉൾപ്പെടുത്തുവാൻ നമുക്ക് സാധിക്കും. അവിടെയാണ് നമ്മുടെ Christianic Vocation. അവിടെയാണ് നമ്മുടെ സഭയുടെ അതുല്യമായ മേന്മയും ഉത്തരവാദിത്തവും ചുമതലയും നാം കാണേണ്ടത്. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ. ഈ പരിശുദ്ധന്റെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.

(1996-ലെ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് അനുസ്മരണ പ്രഭാഷണം. സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്)